**മധുരമായ കുട്ടികളെ - സത്യമായ സമ്പാദ്യം ചെയ്യാനുള്ള പുരുഷാർത്ഥം ആദ്യം സ്വയം ചെയ്യൂ, പിന്നീട് തന്റെ തന്നെ മിത്ര സംബന്ധികളെക്കൊണ്ടും ചെയ്യിക്കൂ പരോപകാരം ആരംഭിക്കേണ്ടത് വീട്ടിൽ നിന്നാണ്**

**ചോദ്യം:-** സുഖം പ്രാപ്തമാക്കാനുള്ള വിധി എന്താണ്?
**ഉത്തരം:-** പവിത്രത. എവിടെ പവിത്രതയുണ്ടോ അവിടെ സുഖമുണ്ട്. ബാബ പവിത്രമായ ലോകത്തിന്റെ സത്യയുഗത്തിന്റെ സ്ഥാപന ചെയ്യുന്നു. അവിടെ വികാരത്തിന്റെ കാര്യമില്ല. ആരാണോ ദേവതകളുടെ പൂജാരി അവർക്ക് ഒരിക്കലും ഇങ്ങനെ ചോദ്യം ചെയ്യാൻ സാധിക്കില്ല വികാരങ്ങളില്ലാതെ ഈ ലോകം എങ്ങനെ മുന്നോട്ട് പോകും? ഇപ്പോൾ നിങ്ങൾക്ക് സുഖത്തിന്റെ ലോകത്തിലേക്ക് പോകണം. അതുകൊണ്ട് ഈ പതിതമായ ലോകത്തെ മറക്കണം. ശാന്തിധാമത്തേയും സുഖധാമത്തേയും ഓർമ്മിക്കണം.

**ഓം ശാന്തി –** ഓം ശാന്തിയുടെ അർത്ഥം കുട്ടികൾക്ക് ബാബ മനസ്സിലാക്കിത്തന്നുകഴിഞ്ഞു. ശിവബാബക്കും ഓം ശാന്തിയെന്ന് പറയാൻ സാധിക്കും. സാളിഗ്രാമമായ കുട്ടികൾക്കും പറയാൻ സാധിക്കും. ആത്മാവാണ് പറയുന്നത് ഓം ശാന്തി. ശാന്തിയുടെ സാഗരനായ ബാബയുടെ കുട്ടികൾ. ശാന്തിക്കുവേണ്ടി കാട്ടിലേക്ക് പോകേണ്ട ആവശ്യമൊന്നും തന്നെ ഇല്ല. ആത്മാവ് ശാന്തമാണ് പിന്നെ ഉപായത്തിന്റെ ആവശ്യമെന്താണ്?. ബാബ മനസ്സിലാക്കിത്തരികയാണ് ബാബയോടാണ് പറയുന്നത് ഞങ്ങളെ അവിടേക്ക് കൂട്ടിക്കൊണ്ടുപോകൂ എവിടെയാണോ സുഖമുള്ളത്. സുഖം എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നു. പക്ഷേ സുഖശാന്തിക്കുവേണ്ടി ആദ്യം വേണ്ടത് പവിത്രതയാണ്. പവിത്രമായതിനെ പാവനമെന്നും, അപവിത്രതയെ പതിതമെന്നും പറയുന്നു. പതിതമായ ലോകത്തിലുള്ളവർ വിളിച്ചുകൊണ്ടേയിരിക്കുകയാണ് ഞങ്ങളെ പാവനമാക്കി മാറ്റി പാവനമായ ലോകത്തിലേക്ക് കൊണ്ടുപോകൂ. ബാബയാണ് പതിതമായ ലോകത്തിൽനിന്ന് മുക്തമാക്കി പാവനമായ ലോകത്തിലേക്ക് കൊണ്ടുപോകുന്നത്. സത്യയുഗത്തിലാണ് പവിത്രത, കലിയുഗത്തിലാണ് അപവിത്രത. സത്യയുഗം നിർവ്വികാരി ലോകവും, ഇത് വികാരി ലോകവുമാണ്. ഇതും കുട്ടികൾക്കറിയാം ലോകത്തിൽ മനുഷ്യരുടെ വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കും. സത്യയുഗം നിർവ്വികാരികളുടെ ലോകമാണ്. തീർച്ചയായും കുറച്ച് മനുഷ്യരേ ഉണ്ടായിരിക്കൂ. ആ കുറച്ചുപേർ ആരായിരിക്കും? സത്യയുഗത്തിൽ ദേവീദേവതകളുടെ രാജ്യമാണ്, അതിനെയാണ് സുഖത്തിന്റെ ലോകമെന്നും അഥവാ സുഖധാമമെന്നും പറയുന്നത്. ഇതാണ് ദുഃഖധാമം. ദുഃഖധാമത്തെ മാറ്റി സുഖധാമമുണ്ടാക്കുന്നത് ഒരു പരംപിതാ പരമാത്മാവാണ്. സുഖത്തിന്റെ സമ്പത്ത് തീർച്ചയായും ബാബയാണ് നൽകുന്നത്. ഇപ്പോൾ ബാബ പറയുന്നു ദുഃഖധാമത്തെ മറക്കൂ, ശാന്തിധാമത്തേയും സുഖധാമത്തേയും ഓർമ്മിക്കൂ. ഇതിനെയാണ് മൻമനാഭവയെന്ന് പറയുന്നത്. ബാബ വന്ന് കുട്ടികൾക്ക് സുഖധാമത്തിന്റെ സാക്ഷാത്കാരം ചെയ്യിക്കുകയാണ്. ദുഃഖധാമത്തിന്റെ വിനാശം ചെയ്യിപ്പിച്ച് ശാന്തിധാമത്തിലേക്ക് കൊണ്ടുപോകുന്നു. ഈ ചക്രത്തേയും ഓർമ്മിക്കണം. 84 ജന്മം എടുക്കേണ്ടതായിട്ടുണ്ട്. ആരാണോ ആദ്യം സുഖധാമത്തിലേക്ക് വരുന്നത്, അവർ 84 ജന്മത്തെ കാര്യം മാത്രം ഓർമ്മിക്കുന്നതിലൂടെ കുട്ടികൾക്ക് സുഖധാമത്തിന്റെ അധികാരിയായി മാറാൻ സാധിക്കും.

ബാബ പറയുന്നു കുട്ടികളേ, ശാന്തിധാമത്തേയും ഓർമ്മിക്കൂ പിന്നീട് സമ്പത്ത് അഥവാ സുഖധാമത്തേയും ഓർമ്മിക്കൂ. ആദ്യമാദ്യം നിങ്ങൾ ശാന്തിധാമത്തിലേക്ക് പോകുന്നു. സ്വയം ശാന്തിധാമത്തിന്റേയും, ബ്രഹ്മാണ്ഡത്തിന്റേയും അധികാരിയാണെന്ന് മനസ്സിലാക്കൂ. നടക്കുമ്പോഴും കറങ്ങുമ്പോഴും അവിടെ വസിച്ചവരാണെന്ന് മനസ്സിലാക്കൂ. എങ്കിൽ ഈ ലോകം മറക്കും. സത്യയുഗമാണ് സുഖധാമം പക്ഷേ എല്ലാവർക്കും സത്യയുഗത്തിലേക്ക് വരാൻ സാധിക്കില്ല. ദേവതകളുടെ പൂജാരികളാണ് ഈ കാര്യം മനസ്സിലാക്കുന്നത്. ഇതാണ് സത്യമായ സമ്പാദ്യം, ഇത് പഠിപ്പിക്കുന്നതും സത്യമായ ബാബയാണ്. ബാക്കിയെല്ലാം അസത്യമായ സമ്പാദ്യമാണ്. അവിനാശിജ്ഞാനരത്നങ്ങളുടെ സമ്പാദ്യത്തെ സത്യമായ സമ്പാദ്യമെന്ന് പറയുന്നു, ബാക്കി വിനാശിയായ ധനം, സമ്പത്ത് ഇവയെല്ലാം അസത്യമായ സമ്പാദ്യമാണ്. ദ്വാപരയുഗം മുതൽ അസത്യമായ സമ്പാദ്യം സമ്പാദിച്ചുകൊണ്ടേ വന്നതാണ്. ഈ അവിനാശിയായ സത്യമായ സമ്പാദ്യത്തിന്റെ പ്രാലബ്ദം സത്യയുഗം മുതൽ ആരംഭിച്ച് ത്രേതായുഗത്തോടുകൂടെ പൂർത്തിയാകുന്നു. അതായത് പകുതി കൽപത്തോളം അനുഭവിക്കുന്നു. പിന്നീട് അസത്യമായ സമ്പാദ്യം ആരംഭിക്കുന്നു, ഇതിലൂടെ അൽപകാലത്തെ ക്ഷണഭംഗുരമായ സുഖം ലഭിക്കുന്നു. ഈ അവിനാശിയായ ജ്ഞാനരത്നം ജ്ഞാനസാഗരനായ ബാബയാണ് നൽകുന്നത്. സത്യമായ സമ്പാദ്യം സത്യമായ ബാബയാണ് ചെയ്യിപ്പിക്കുന്നത്. ഭാരതം സത്യമായ ഖണ്ഡമായിരുന്നു, ഭാരതം തന്നെയാണ് ഇപ്പോൾ

അസത്യഖണ്ഡമായി മാറിയത്. മറ്റു ഖണ്ഡങ്ങളെ സത്യമായ ഖണ്ഡമെന്നും അസത്യഖണ്ഡമെന്നും പറയുകയില്ല. സത്യമായ ഖണ്ഡമുണ്ടാക്കുന്ന സത്യമായ ചക്രവർത്തി ബാബയാണ്. സത്യമായത് ഒരു ഗോഡ് ഫാദറാണ്, ബാക്കിയെല്ലാം അസത്യമായ പിതാവാണ്. സത്യയുഗത്തിലും സത്യമായ അച്ഛനെയാണ് ലഭിക്കുന്നത്, കാരണം അവിടെ അസത്യമോ പാപമോ ഉണ്ടാകുന്നില്ല. ഇതാണ് പാപാത്മാക്കളുടെ ലോകം, സത്യയുഗം പുണ്യാത്മാക്കളുടെ ലോകമാണ്. ഇപ്പോൾ ഈ സത്യമായ സമ്പാദ്യം ഉണ്ടാക്കുന്നതിനുവേണ്ടി പുരുഷാർത്ഥം ചെയ്യേണ്ടതായിട്ടുണ്ട്. ആരാണോ കൽപം മുമ്പും സമ്പാദിച്ചത്, അവരാണ് സമ്പാദിക്കുക. ആദ്യം സ്വയം സത്യമായ സമ്പാദ്യം ചെയ്ത് പിന്നീട് പിതാവിന്റെ വീട്ടിലുള്ളവർക്കും അമ്മായിയച്ഛന്റെ വീട്ടിലുള്ളവർക്കും സത്യമായ സമ്പാദ്യം ചെയ്യിപ്പിക്കണം. പരോപകാരം ആദ്യം തന്റെ വീട്ടിൽനിന്ന് തുടങ്ങണം.

സർവ്വവ്യാപിയെന്നുള്ള ജ്ഞാനമുള്ളവർക്ക് ഭക്തി ചെയ്യാൻ സാധിക്കില്ല. എല്ലാവരിലും ഭഗവാന്റെ രൂപമെങ്കിൽ പിന്നീട് ആരെ ഭക്തി ചെയ്യാനാണ്? ഈ ചെളികുണ്ടിൽ നിന്നും മാറുന്നതിനുവേണ്ടി പരിശ്രമിക്കേണ്ടതായിട്ടുണ്ട്. സന്യാസിമാർ വീട്ടിൽനിന്നും പുണ്യകർമ്മം എങ്ങനെ ചെയ്യും? ആദ്യമൊന്നും അവർ വീട്ടുകാരുടെ വാർത്തകൾ പോലും കേൾപ്പിക്കില്ല. എന്തുകൊണ്ടാണ് കേൾപ്പിക്കാത്തത്? അറിയേണ്ടതല്ലേ. പറയുന്നതിലെന്താണ്, ഇന്ന വീട്ടിലായിരുന്നു പിന്നീട് സന്യാസം ധാരണ ചെയ്തു! നിങ്ങളോട് ചോദിച്ചാൽ നിങ്ങൾക്ക് പെട്ടെന്ന് പറയാൻ സാധിക്കും. സന്യാസിമാർക്ക് അനുയായികൾ വളരെ കൂടുതലാണ്. അവർ ഇരുന്നു ഭഗവാൻ ഒന്നാണെന്ന് പറയുകയാണെങ്കിൽ എല്ലാവരും അവരോട് ചോദിക്കും നിങ്ങൾക്ക് ആരാണ് ഈ ജ്ഞാനം കേൾപ്പിച്ചത്? അപ്പോൾ ബി.കെ. കേൾപ്പിച്ചു എന്ന് പറയുകയാണെങ്കിൽ അതോടെ അവരുടെ മുഴുവൻ പണിയും പൂട്ടും. അങ്ങിനെ ആരെങ്കിലും തന്റെ അന്തസ്സിനെ നഷ്ടപ്പെടുത്തുമോ? പിന്നീട് അവർക്ക് ആരെങ്കിലും ആഹാരം പോലും കൊടുക്കുമോ. അതുകൊണ്ട് സന്യാസിമാർക്ക് ഇത് വളരെ പ്രയാസമാണ്. ആദ്യം തന്റെ മിത്രസംബന്ധികൾക്ക് ഈ ജ്ഞാനം കൊടുത്ത് സത്യമായ സമ്പാദ്യം ചെയ്യിപ്പിക്കണം. ഇതിലൂടെ 21 ജന്മത്തിലേക്ക് സുഖം നേടാം. കാര്യം വളരെ സഹജമാണ്. പക്ഷേ ഡ്രാമയിൽ അടങ്ങിയതാണ് ഇത്രയും ശാസ്ത്രങ്ങളും ക്ഷേത്രങ്ങളും ഉണ്ടാക്കുകയെന്നുള്ളത്.

പതിതമായ ലോകത്തിലുള്ളവർ പറയാറുണ്ട് ഇപ്പോൾ പാവനമായ ലോകത്തിലേക്ക് കൂട്ടിക്കൊണ്ടുപോകൂ. സത്യയുഗം കഴിഞ്ഞ് 5000 വർഷമായി. അവർ കലിയുഗത്തിന്റെ ആയുസ്സുപോലും ലക്ഷക്കണക്കിന് വർഷമെന്ന് പറഞ്ഞു. പിന്നെ എങ്ങനെ മനുഷ്യർ മനസ്സിലാക്കും സുഖധാമം എവിടെയാണ്? എപ്പോഴുണ്ടാകും? ലോകത്തിലുള്ളവർ പറയുന്നത് മഹാ പ്രളയമുണ്ടാകും. പിന്നീട് വീണ്ടും സത്യയുഗം വരും. ആദ്യമാദ്യം ശ്രീകൃഷ്ണൻ വിരൽ കുടിച്ച് സാഗരത്തിൽ ആലിലയിൽ വരുന്നു. എവിടേയോ ഉള്ള കാര്യം എവിടേക്കോ കൊണ്ടുപോയി! ഇപ്പോൾ ബാബപറയുകയാണ് ബ്രഹ്മാവിൽനിന്നും ഞാൻ എല്ലാ വേദ-ശാസ്ത്രങ്ങളുടേയും സാരം കേൾപ്പിക്കുകയാണ്. അതുകൊണ്ട് വിഷ്ണുവിന്റെ നാഭിയിൽ താമരപുഷ്പത്തിൽ ബ്രഹ്മാവിനെ കാണിക്കുന്നു. കൈകളിൽ ശാസ്ത്രങ്ങളും കാണിക്കുന്നുണ്ട്. ബ്രഹ്മാവ് ഇവിടെയാണ് ഉള്ളത്. സൂക്ഷ്മവതനത്തിൽ ശാസ്ത്രങ്ങളൊന്നും തന്നെയില്ല. ബ്രഹ്മാ ഇവിടെയാണ് വേണ്ടത്. വിഷ്ണുവിന്റേയും ലക്ഷ്മീനാരായണന്റേയും രൂപം ഇവിടെയാണ് ഉള്ളത്. ബ്രഹ്മാവ് തന്നെയാണ് വിഷ്ണുവായി മാറുന്നത്. വിഷ്ണു പിന്നീട് ബ്രഹ്മാവായി മാറുന്നു. ഇപ്പോൾ ബ്രഹ്മാവിൽ നിന്നാണോ വിഷ്ണുഉണ്ടാകുന്നത് അതോ വിഷ്ണുവിൽ നിന്നാണോ ബ്രഹ്മാവ് ഉണ്ടാകുന്നത്? ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. എന്നാൽ ആരാണോ നല്ലരീതിയിൽ പഠിക്കുന്നത് അവരേ ഈ കാര്യം മനസ്സിലാക്കുന്നുള്ളു. ബാബ പറയുന്നു ഏത് വരെ നിങ്ങൾ ശരീരം ഉപേക്ഷിക്കുന്നുവോ അത് വരേക്കും മനസ്സിലാക്കിക്കൊണ്ടേയിരിക്കണം നിങ്ങൾ 100 ശതമാനവും വിവേകശൂന്യരായി, ദരിദ്രരായി മാറിയിരുന്നു. നിങ്ങൾ വിവേകശാലി ദേവീദേവതകളായിരുന്നു, ഇപ്പോൾ വീണ്ടും നിങ്ങൾ ദേവീദേവതകളായി മാറിക്കൊണ്ടിരിക്കുകയാണ്. മനുഷ്യർക്ക് മാറ്റാൻ സാധിക്കില്ല നിങ്ങൾ ദേവതയായിരുന്നു പിന്നീട് 84 ജന്മങ്ങളെടുത്ത് പൂർണ്ണമായി കലകൾ നഷ്ടപ്പെട്ടവരായി മാറി. നിങ്ങൾ സുഖധാമത്തിൽ വളരെ സുഖികളായിരുന്നു, ഇപ്പോൾ ദുഃഖികളായി മാറി. നിങ്ങൾക്ക് 84 ജന്മത്തിന്റെ കണക്ക് പറഞ്ഞുകൊടുക്കാൻ സാധിക്കും. ഇസ്ലാമികൾ, ബുദ്ധിസ്റ്റുകൾ, സിക്കുകാർ, ഇവരെല്ലാം എത്ര ജന്മങ്ങൾ എടുക്കുന്നുണ്ടാകും? ഈ കണക്കെടുക്കുന്നതും സഹജമാണ്. സ്വർഗ്ഗത്തിന്റെ അധികാരിയായി മാറുന്നത് ഭാരതവാസികളാണ്. തൈകൾ നടുകയല്ലേ. ഇതാണ് മനസ്സിലാക്കി കൊടുക്കേണ്ടത്. സ്വയം മനസ്സിലാക്കി പിന്നീട് ആദ്യമാദ്യം തന്റെ മാതാപിതാക്കന്മാർക്കും, സഹോദരീസഹോദരനും മനസ്സിലാക്കികൊടുക്കണം. ഗൃഹസ്ഥവ്യവഹാരത്തിലിരുന്നും താമരപുഷ്പസമാനം ജീവിക്കണം, പിന്നെ പുണ്യകർമ്മം സ്വന്തം വീട്ടിൽനിന്ന് ആരംഭിക്കണം. പിതാവിന്റെ വീട്ടുകാർക്കും, അമ്മായിയച്ഛന്റെ വീട്ടുകാർക്കും ഈ ജ്ഞാനം കേൾപ്പിക്കണം. ജോലിക്കാര്യത്തിലും ആദ്യം തന്റെ സഹോദരന്മാരെ പങ്കാളിയാക്കി മാറ്റുന്നു. ഇവിടേയും

ഇവിടെയും അങ്ങനെത്തന്നെ. മഹിമയും ഉണ്ട് കുമാരി ആദ്യം തന്റെ സ്വന്തം വീടിനേയും അമ്മായിയച്ഛന്റെ വീടിനേയും ഉദ്ധരിക്കുന്നു. അപവിത്രരായവർക്ക് ഉദ്ധരിക്കാൻ സാധിക്കില്ല. അപ്പോൾ ഏത് കുമാരിയാണ്? ഈ ബ്രഹ്മാവിന്റെ കുമാരി, ബ്രഹ്മാകുമാരിയല്ലേ. ഇവിടെ അഥർ കുമാരിയുടേയും കുമാരിമാർക്കും ക്ഷേത്രം ഉണ്ടാക്കിയിട്ടുണ്ടല്ലോ. ഇവിടെ നിങ്ങളുടെ ഓർമ്മചിഹ്നം ഉണ്ടാക്കിയിട്ടുണ്ട്. നമ്മൾ വീണ്ടും വന്നിരിക്കുകയാണ് ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നതിന്. ഈ ദിൽവാഡാ ക്ഷേത്രം വളരെ കൃത്യമാണ്, മുകളിൽ സ്വർഗ്ഗം കാണിക്കുന്നു. സ്വർഗ്ഗം ഇവിടെയാണ്. രാജയോഗത്തിലെ തപസ്സും ഇവിടെയാണ് ഉണ്ടാകുന്നത്. ആരുടെയാണോ ക്ഷേത്രം അവരെ അറിഞ്ഞിരിക്കേണ്ടതല്ലേ! ഇപ്പോൾ ഉള്ളിൽ ജഗത്പിതാവും ജഗദംബയും, ആദിദേവനും, ആദിദേവിയും ഇരിപ്പുണ്ട്. ശരി, ആദിദേവൻ ആരുടെ കുട്ടിയാണ്? ശിവബാബയുടെ. അഥർ കുമാരി, കുമാരി എല്ലാവരും രാജയോഗം ചെയ്യുന്നു. ബാബ പറയുന്നു മൻമനാഭവ, മൻമനാഭവ മന്ത്രത്തിലിരിക്കുകയാണെങ്കിൽ നിങ്ങൾ വൈകുണ്ഠത്തിന്റെ അധികാരിയായി മാറും. മുക്തിയേയും, ജീവന്മുക്തിധാമത്തേയും ഓർമ്മിക്കൂ. നിങ്ങളുടെ സന്യാസം ഇതാണ്, ജൈനധർമ്മത്തിലുള്ളവരുടെ സന്യാസം വളരെ പ്രയാസമാണ്. മുടിയെല്ലാം മുറിക്കാനുള്ള എത്ര കഠിനമായ സമ്പ്രദായമാണ്. ഇവിടെ സഹജരാജയോഗമാണ്. ഇതാണ് പ്രവർത്തിമാർഗ്ഗം. ഇത് ഡ്രാമയിൽ അടങ്ങിയതാണ്. ജൈനന്മാരാകട്ടെ തന്റെ പുതിയ ധർമ്മത്തെ സ്ഥാപിച്ചു. പക്ഷേ അതിനെ ആദിസനാതനദേവീദേവതാധർമ്മം എന്ന് പറയില്ലല്ലോ. സനാതനധർമ്മം ഇപ്പോൾ ഇല്ലാതായിരിക്കുകയാണ്. ആദിദേവനെ പിതാവെന്നും ജഗദംബയെ മാതാവെന്നും പറയുന്നു. ഇതും എല്ലാവർക്കും അറിയാം ആദിദേവൻ ബ്രഹ്മാവാണ്. ആദം –ബീവിയെന്നും ആദം– ഹവ്വയെന്നും പറയുന്നു. ക്രിസ്ത്യാനികൾക്ക് അറിയില്ലല്ലോ ആദം ഹവ്വ തപസ്സ് ചെയ്തുകൊണ്ടിരിക്കുകയാണ്. മനുഷ്യസൃഷ്ടിയുടെ ഹെഡാണ് ഇവർ. ഈ രഹസ്യം ബാബ മനസ്സിലാക്കിത്തരികയാണ്. ഇത്രയും ക്ഷേത്രങ്ങളും ശിവന്റേയും ലക്ഷ്മീനാരായണന്റേയും ഉണ്ടാക്കിയിട്ടുണ്ട്. അവരുടേയും ബയോഗ്രഫിയും അറിയേണ്ടതല്ലേ! ജ്ഞാനസാഗരനായ ബാബയാണ് മനസ്സിലാക്കിത്തരുന്നത്. പരംപിതാ പരമാത്മാവിനെയാണ് ജ്ഞാനസാഗരമെന്നും, ആനന്ദത്തിന്റെ സാഗരമെന്നും പറയുന്നത്. ഈ പരമാത്മാവിന്റെ മഹിമ സാധുസന്യാസിമാർക്ക് അറിയുന്നില്ല. അവർ പറയുന്നത് പരമാത്മാവ് സർവ്വവ്യാപിയെന്നാണ്. പിന്നീട് മഹിമ ആരുടെ ചെയ്യും? പരമാത്മാവിനെ അറിയാത്തതുകാരണം സ്വയം ശിവോഹമെന്ന് പറയുന്നു. പരമാത്മാവിന്റെ മഹിമ എത്ര വലുതാണ്. ബാബ മനുഷ്യസൃഷ്ടിയുടെ ബീജരൂപനാണ്. മുസ്ലിം ധർമ്മത്തിലുള്ളവർ പോലും പറയാറുണ്ട് ഞങ്ങളെ ഈശ്വരനാണ് സൃഷ്ടിച്ചത്, ഞങ്ങൾ രചനകളാണ്. രചനക്ക്, രചനകൾക്ക് സമ്പത്ത് നൽകാൻ സാധിക്കില്ല. രചയിതാവിൽനിന്നും രചനകൾക്ക് സമ്പത്ത് ലഭിക്കാൻ സാധിക്കുന്നു, ഈ കാര്യത്തെ ആർക്കും മനസ്സിലാക്കാൻ സാധിക്കില്ല. ബാബ ബീജരൂപൻ സത്യമാണ്, ചൈതന്യമാണ്, സൃഷ്ടിയുടെ ആദി–മദ്ധ്യ–അന്ത്യത്തിന്റെ ജ്ഞാനം ബാബയിലാണ് ഉള്ളത്. കേവലം ബീജരൂപനായ ബാബക്കല്ലാതെ സൃഷ്ടിയുടെ ആദി–മദ്ധ്യ–അന്ത്യത്തിന്റെ ജ്ഞാനം ഒരു മനുഷ്യരിലും ഉണ്ടാകാൻ സാധിക്കില്ല. ബാബയാകുന്ന ബീജം ചൈതന്യമായതിനാൽ തീർച്ചയായും ജ്ഞാനം ബാബയിലാണ് ഉള്ളത്. ബാബ വന്ന് നിങ്ങൾക്ക് മുഴുവൻ സൃഷ്ടിയുടേയും ആദി–മദ്ധ്യ–അന്ത്യത്തിന്റെ ജ്ഞാനം നല്കുന്നു. നിങ്ങൾ ഈ ബോർഡ് തൂക്കണം ഈ ചക്രത്തെ അറിയുന്നതിലൂടെ നിങ്ങൾ ചക്രവർത്തി രാജ അഥവാ സ്വർഗ്ഗത്തിന്റെ രാജാവായി മാറും. എത്ര സഹജമായ കാര്യമാണ്. ബാബ പറയുന്നു ഏത് വരേക്ക് ജീവിക്കുന്നോ, അപ്പോൾ വരേക്കും എന്നെ ഓർമ്മിക്കണം. ഞാൻ സ്വയം നിങ്ങൾക്ക് ഈ വശീകരണമന്ത്രം നൽകുകയാണ്. ഇപ്പോൾ നിങ്ങൾക്ക് ബാബയെ ഓർമ്മിക്കണം. ഓർമ്മയിലൂടെ വികർമ്മം വിനാശമാകും. ഈ സ്വദർശനചക്രം കറക്കുകയാണെങ്കിൽ മായയുടെ ശിരസ്സ് അറ്റുപോകും. ഇപ്പോൾ ബാബ നിങ്ങൾ ആത്മാക്കളെ പവിത്രമാക്കി മാറ്റി കൂടെ കൊണ്ടുപോകും. പിന്നീട് നിങ്ങൾ സതോപ്രധാനമായ ശരീരമെടുക്കും. അവിടെ വികാരങ്ങളില്ല. വികാരങ്ങളില്ലാതെ എങ്ങനെ സൃഷ്ടി നടക്കും? എന്ന് പലരും ചോദിക്കും. പറയൂ, നിങ്ങൾ ശരിക്കും ദേവതകളുടെ പൂജാരികളല്ല. ലക്ഷ്മീനാരായണന്റെ മഹിമ പാടുന്നു സമ്പൂർണ്ണനിർവ്വികാരി. ജഗദംബയും, ജഗത്പിതാവും നിർവ്വികാരിയാണ്, രാജയോഗത്തിന്റെ തപസ്സ് ചെയ്ത് പതിതത്തിൽനിന്ന് പാവനവും, സ്വർഗ്ഗത്തിന്റെ അധികാരിയുമായി മാറി . പുണ്യാത്മാവായി മാറുന്നതിനുവേണ്ടി തപസ്സ് ചെയ്യുകയാണ് . ശരി,

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുളള മുഖ്യമായ സാരം -**

1) ഈ പഴയ ലോകം ബുദ്ധിയിൽനിന്ന് മറക്കുന്നതിനുവേണ്ടി നടക്കുമ്പോഴും കറങ്ങുമ്പോഴും സ്വയത്തെ ശാന്തിധാം നിവാസിയാണെന്ന് മനസ്സിലാക്കണം. ശാന്തിധാമത്തേയും സുഖധാമത്തേയും ഓർമ്മിച്ച് സത്യമായ സമ്പാദ്യം ചെയ്യണം. ഒപ്പം മറ്റുള്ളവരെ കൊണ്ടും ചെയ്യിപ്പിക്കണം.

2) രാജയോഗത്തിന്റെ തപസ്യ ചെയത് സ്വയത്തെ പുണ്യാത്മാവാക്കി മാറ്റണം. മായയുടെ ശിരസ്സിനെ മുറിക്കുന്നതിനുവേണ്ടി സ്വദർശനചക്രത്തെ സദാ കറക്കികൊണ്ടേ ഇരിക്കു.

## വരദാനം:- സമ്പന്നതയിലൂടെ സദാ സന്തുഷ്ടതയുടെ അനുഭവം ചെയ്യുന്ന സമ്പന്നരായി ഭവിക്കട്ടെ.

സ്വരാജ്യത്തിന്റെ സമ്പത്താണ് ജ്ഞാനം, ഗുണങ്ങൾ, ശക്തികൾ. ആര് ഈ സർവ്വശക്തികളാലും സമ്പന്ന സ്വരാജ്യ അധികാരികളാണോ അവർ സദാ സന്തുഷ്ടരായിരിക്കും. അവർക്ക് അപ്രാപ്തിയുടെ പേരോ അടയാളമോ ഉണ്ടാകില്ല. പരിധിയുള്ള ഇച്ഛകളുടെ അവിദ്യ- ഇവരെയാണ് സമ്പന്നരെന്ന് പറയുന്നത് . അവർ സദാ ദാതാവായിരിക്കും, വാങ്ങുന്നവരാകില്ല. അവർ അഖണ്ഡ സുഖശാന്തിമയ സ്വരാജ്യത്തിന്റെ അധികാരിയായിരിക്കും. ഏത് വിധത്തിലുള്ള പരിതസ്ഥിതികൾക്കും അവരുടെ അഖണ്ഡ ശാന്തിയെ ഖണ്ഡിക്കാൻ സാധ്യമല്ല.

## സ്ലോഗൻ:- ജ്ഞാന നേത്രത്തിലൂടെ മൂന്ന് കാലങ്ങളെയും മൂന്ന് ലോകങ്ങളെയും അറിയുന്നവരാണ് മാസ്റ്റർ നോളേജ്ഫുൾ.